ടെയും മറ്റും സംഘടിപ്പിക്കുകയും ഇക്കൊല്ലം 1999-2000 പരിസ്ഥിതി ബോധ വൽക്കരണ പരിപാടികൾക്കായി സംസ്ഥാനത്തുടനീളം തെരഞ്ഞെടുക്കപ്പെട്ട സംഘടനകൾ വഴി വ്യാപകമായ പ്രചാരണം നൽകാനും തീരുമാനമായിട്ടുണ്ട്. കൂടാതെ പ്ലാസ്റ്റിക്കിനെപ്പറ്റി വിശദമായി പ്രതിപാദിക്കുന്ന 'പ്ലാസ്റ്റിക് ഒരു ബോധവൽക്കരണ സഹായി' എന്ന പുസ്തകം തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്.

(സി) നിയമസഭയുടെ പരിസ്ഥിതി കമ്മറ്റിയുടെ ശുപാർശയിൽ ഇങ്ങനെയൊരു നിർദ്ദേശം ഉണ്ടായിരുന്നു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അനെർട്ടിന്റെ പ്രവർത്തനം

11 (722)ശ്രീ. ലോനപ്പൻ നമ്പാടൻ :

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :

ശ്രീ. പി.സി. ജോർജ്ജ് :

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അനെർട്ടിന്റെ സാങ്കേതിക സഹായത്തോടെ സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത് എന്ന് അറിയിക്കുമോ;

(സി) ഇതിൽ ഏതൊക്കെ പദ്ധതികൾക്ക് സർക്കാരിന്റെ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടെന്നറിയിക്കുമോ;

(ഡി) അനെർട്ടിന്റെ ചുമതലയിൽ സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശത്ത് സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതീകരണം നടത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) അനർട്ട് നടപ്പിലാക്കുന്ന പദ്ധതികൾക്ക് കേന്ദ്രത്തിന്റെ ധനസഹായം ലഭിക്കുന്നുണ്ടോ;

(എഫ്)എങ്കിൽ ഏതൊക്കെ പദ്ധതികൾക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടെന്നും ഓരോ പദ്ധതിക്കും എത്രവീതം ധനസഹായം ലഭിക്കുന്നുവെന്നും വിശദമാക്കുമോ;

(ജി) ഉല്പാദിപ്പിക്കുന്ന സൗരോർജ്ജ ഉല്പന്നങ്ങൾക്ക് സബ്സിഡി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) അനർട്ടിനെ വിപുലീകരിക്കുന്നതിനു സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. എല്ലാ ജില്ലകളിലും രണ്ട് ഓഫീസ് എന്ന കണക്കിന് 28 ഓഫീസുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

2. ട്രെയിനിംഗ് ഡയറക്ടറേറ്റുമായി സഹകരിച്ച് പോസ്റ്റ് - ഐ.ടി. ഐ. ട്രെയിനിംഗ് കോഴ്സുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

3. നൈറ്റ് സോയിലിൽനിന്നും ഊർജ്ജോല്പാദനത്തിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

4. മുൻസിപ്പൽ സോളിഡ് വേസ്റ്റ് അസസ്മെന്റ് സർവെ നടത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അനെർട്ടിന്റെ സാങ്കേതിക സഹായത്തോടെ സൂര്യറാന്തൽ വിതരണം, സൗരോർജ്ജ തെരുവുവിളക്കു സ്ഥാപിക്കൽ, ഭവന വൈദ്യുതീകരണം, വാക്സിൻ ശീതീകരണം, പൊതു ആവശ്യത്തിന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന ചെറിയ പദ്ധതികൾ, സൗരോർജ്ജപമ്പ് സ്ഥാപിക്കൽ തുടങ്ങിയ പരിപാടികൾ ഏറ്റെടുത്തു നടപ്പാക്കിവരുന്നു.

(സി) 'ബി'യിൽ പരാമർശിച്ചിട്ടുള്ള എല്ലാ പദ്ധതികൾക്കും സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

(ഇ) തെരഞ്ഞെടുത്ത പദ്ധതികൾക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ട്.

(എഫ്) കേന്ദ്ര സർക്കാർ ധനസഹായം നൽകുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

	പദ്ധതികൾ	ധനസഹായം
1.	സോളാർ റാന്തൽ	1500 രൂപ
2.	ഭവന വൈദ്യുതീകരണ ഉപകരണങ്ങൾ	6000 രൂപ
3.	തെരുവുവിളക്ക്	12000 രൂപ
4.	പുകയില്ലാത്ത അടുപ്പ്	40 രൂപ
5.	പവർ പ്ലാന്റ്	1 കിലോവാട്ടിന് 1 ലക്ഷം രൂപ
6.	ബയോ ഗ്യാസിഫയർ സിസ്റ്റം(ഇലക്ട്രിക്കൽ)	300 കിലോവാട്ടിന് 6 ലക്ഷം രൂപ
7.	ബയോ ഗ്യാസിഫയർ സിസ്റ്റം (തെർമൽ)	220 കിലോവാട്ടിന് 3 ലക്ഷം രൂപ
8.	ബയോഗ്യാസ് പ്രോഗ്രാം	35 എം. (എൽ.ബി.സി) ഉള്ള ഒരു പ്ലാന്റിന് 4.6 ലക്ഷം രൂപ
9.	മുനിസിപ്പൽ സോളിഡ് വേസ്റ്റിൽനിന്നും ഊർജം ഉൽപ്പാദിപ്പിക്കൽ	ഒരു മെഗാവാട്ടിന് പരമാവധി 1½ കോടി രൂപ

(ജി) നിലവിൽ ഇതിനെ സംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

മനുഷ്യാവകാശ കമ്മീഷൻ

12 (723) ശ്രീ. വി.ജെ. പൗലോസ് :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly